Department of Tourism
Park View Thiruvananthapuram 695 033
Kerala India Fax: +91-471-2322279
Tel: +91-471-2326579 2321132
Email: info@keralatourism.org
marketing@keralatourism.org
www.keralatourism.org

**പത്രക്കുറിപ്പ്** **01/09/2018**

**പ്രളയത്തിൽനിന്ന് രക്ഷപ്പെടുത്തിയവരെ ടൂറിസം വകുപ്പ് ആദരിക്കുന്നു**

തിരുവനന്തപുരം: പ്രളയത്തിൽ രക്ഷാപ്രവർത്തനം സ്തുത്യർഹമായ രീതിയിൽ നിർവഹിക്കുകയും നിരവധി പേരെ രക്ഷപ്പെടുത്തുകയും ചെയ്ത ടൂറിസം മേഖലയിലുള്ളവരെ സംസ്ഥാന ടൂറിസം വകുപ്പ് ആദരിക്കുന്നു.

ലൈഫ്ഗാർഡുകൾ, കെടിഡിസിയിലെയും ഡിടിപിസികളുടെയും കീഴിലുള്ള ബോട്ട് ഡ്രൈവർമാർ, ജീവനക്കാർ, ടൂറിസം മേഖലയിലെ വിവിധ സംഘടകളുടെ ആഭിമുഖ്യത്തിൽ രക്ഷാപ്രവർത്തനത്തിന് എത്തിയവർ എന്നിവരെയാണ് ആദരിക്കുന്നത്.

സെപ്റ്റംബർ മൂന്ന് തിങ്കളാഴ്ച കനകക്കുന്ന് കൊട്ടാരത്തിൽ വൈകുന്നേരം നാലു മണിക്കു നടക്കുന്ന ചടങ്ങിൽ ടൂറിസം വകുപ്പു മന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ ഇവരെ പൊന്നാടയണിയിച്ച് ആദരിക്കും. ടൂറിസം വകുപ്പ് സെക്രട്ടറി ശ്രീമതി റാണി ജോർജ്, ടൂറിസം വകുപ്പ് ഡയറക്ടർ ശ്രീ ബാലകിരൺ, ടൂറിസം മേഖലയിലെ വിവിധ സംഘടനകളുടെ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും.